# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3108 11.12.2014-ൽ മറുപടിയ്ക്ക്

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

ചോദ്യം
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.പി.റ്റി.എ. റഹീം
ശ്രീ.കെ.രാധാകൃഷ്ണൻ
ശ്രീ.എസ്.രാജേന്ദ്രൻ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ സംസ്ഥാനത്ത് ഇതുവരെ ഏത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അനുവദിച്ച ഭൂമി ഏറ്റെടുക്കാത്തവർ എത്രയുണ്ടെന്ന് അറിയിക്കാമോ; | പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 14 ജില്ലകളിലുമായി 36,491 പേർക്ക് ഭൂമി അനുവദിച്ചു. ഇതിൽ പട്ടയം കൈപ്പറ്റാത്തവർക്ക് നിയമാനുസൃത നോട്ടീസ് കൊടുക്കുന്ന നടപടി ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവർക്ക് ചട്ടപ്രകാരം ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ചു വരുന്നു. ഈ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഭൂമി അനുവദിച്ചിട്ടും ഏറ്റെടുക്കാത്തവരുണ്ടെങ്കിൽ അവരുടെ കണക്ക് വ്യക്തമാകുകയുള്ളൂ. |
| (ബി) | പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ എത്ര പേർക്ക് ഭൂമി നൽകാനാണ് വിഭാവനം ചെയ്തിരിക്കുന്നത്; ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഒരു ലക്ഷം പേർക്ക് ഭൂമി നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി തെരഞ്ഞെടുത്ത നല്ലൊരു ശതമാനം ഭൂമിയിന്മേലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എതിർപ്പ്, കോടതി കേസുകൾ എന്നിവ ഉണ്ടായിരുന്നതിനാൽ ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നയത്രയും ഭൂമി വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |

| | | |
|---|---|---|
| (സി) | അനുവദിക്കപ്പെട്ടതിൽ ഭൂരിഭാഗവും വാസ യോഗ്യമല്ലാത്തതും വിദൂരങ്ങളിലുള്ളതുമാണെന്ന പരാതി ഉയർന്നിട്ടുണ്ടോ; ഇക്കാരണത്താൽ അനുവദിച്ച ഭൂമി ഏറ്റെടുക്കുന്നതിൽ അപേക്ഷകർ വിമുഖത കാണിക്കുന്നുണ്ടോ; | വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിന് വിധേയമായതുമായ ഭൂമികളാണ് പദ്ധതിക്കായി തെരഞ്ഞെടുത്തത്. ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജുകളിലോ സമീപ വില്ലേജുകളിലോ ആണ് ഭൂമി അനുവദിച്ച് വരുന്നത്. അനുവദിച്ച ഭൂമിയിൽ ഭൂരിഭാഗവും വാസയോഗ്യമല്ലാത്തതും വിദൂരങ്ങളിലുമാണെന്ന പരാതികൾക്ക് സാധ്യതയില്ലാത്തതാണ്. ഏതാനും അപേക്ഷകർ അനുവദിച്ച ഭൂമി ഏറ്റെടുക്കുന്നതിൽ വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര ഭൂമി വേണ്ടി വരും; ഇത് സർക്കാരിന്റെ അധീനതയിൽ ഉണ്ടോ; | പദ്ധതി പ്രകാരമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി പൂർത്തിയാക്കുന്നതിന് ഉദ്ദേശം 10,000 ഏക്കർ ഭൂമി വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്. പദ്ധതിയിൽ വിതരണം ചെയ്യുവാൻ കഴിയുന്ന വിവിധയിനം സർക്കാർ ഭൂമികളുടെ കണക്കെടുപ്പും ജില്ലാതലത്തിൽ നടന്നു വരുന്നു. ഈ നടപടി പൂർത്തിയായാൽ മാത്രമേ ഭൂമിയുടെ ലഭ്യത എത്രമാത്രമെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (ഇ) | പ്രസ്തുത പദ്ധതിക്കായി ഭൂമി വിലക്ക് വാങ്ങിയിട്ടുണ്ടോ; ഇതിന് എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ; ഈ പദ്ധതിക്ക് എന്തു തുകയാണ് വകയിരുത്തിയിരുന്നത്? | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് വേണ്ടി ഭൂമി വിലയ്ക്ക് വാങ്ങിയിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപയാണ് പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത്. |

C. L. V. Kannan

സെക്ഷൻ ഓഫീസർ